**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 549 28.02.2017- ൽ മറുപടിക്ക്**

**"ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതി "**

**ചോദ്യം** **ഉത്തരം**

**ശ്രീ.സി. ദിവാകരൻ**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതിക്കായി ഏതെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; | എ) & ബി) | ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതിക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ഓരോ പദ്ധതിയുടെയും വിശദാംശം നൽകുമോ; | | |
| സി) | ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ സഹായത്തിനായി ഇ-ഗവേണൻസ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ? | സി) | ഉണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതിക്കായി നടപ്പിലാക്കിവരുന്ന നിലവിലുള്ളതും പുതിയതുമായ പദ്ധതികളുടെ വിശദവിവരം.**

1) പുതിയ സംരംഭകർക്ക് ദിശാബോധം നൽകി അവരെ വ്യവസായികൾ എന്ന നിലയ്ക്ക് വളർത്തിയെടുക്കുന്നത് ലക്ഷ്യമിട്ട് എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

2) സംസ്ഥാനത്തിന്റെ വ്യാവസായിക ഉൽപ്പാദനക്ഷമത പ്രദർശിപ്പിക്കുന്നതിനും, ബ്രാൻഡ് ചെയ്തതും അല്ലാത്തതുമായ ഉൽപ്പന്നങ്ങളെ വിപണിയിൽ അവതരിപ്പിക്കുന്നതിനും, നിലവിലുള്ള വ്യവസായങ്ങളെ നിലനിർത്തുകയും വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുന്നതിനും നിക്ഷേപകരിൽ താല്പര്യം സൃഷ്ടിക്കുന്നതിനും വേണ്ടി ഈ വർഷം ഫെബ്രുവരി 2 മുതൽ 4 വരെ വ്യാപാർ 2017 എന്നൊരു ബി 2 ബി പദ്ധതി നടത്തുകയുണ്ടായി.

3) കേരളത്തിന്റെ തനതായ കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത് വഴി കർഷകരുടെയും വ്യവസായ സംരംഭകരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി 'അഗ്രോ ഫുഡ് പ്രൊ' ഈ വർഷം ഫെബ്രുവരി 5 മുതൽ 7 വരെ എറണാകുളത്ത് വച്ച് സംഘടിപ്പിക്കുകയുണ്ടായി.

4)കേരളത്തിന്റെ വ്യവസായ ഉൽപ്പന്നങ്ങളെ ദേശീയ അന്തർദേശീയ തലത്തിൽ പരിചയപ്പെടുത്തുന്നതിന് വേണ്ടി ഫുഡ് ഹോസ്പിറ്റാലിറ്റി വേൾഡ്, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, ഇന്ത്യ ഇന്റർനാഷണൽ മെഗാ ട്രേഡ് ഫെയർ, കേരള കൾച്ചറൽ ട്രേഡ് ഫെയറുകൾ തുടങ്ങിയ എക്സിബിഷനുകൾ നടത്തിയിട്ടുണ്ട്.

4) പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും മാനേജീരിയൽ, ടെക്നിക്കൽ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും ചെറുകിട വ്യവസായങ്ങളുടെ ശാക്തീകരണത്തിനുമായി സംസ്ഥാനത്തൊട്ടാകെ സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭക ക്ലബുകൾ മുഖേന വിദ്യാർത്ഥികളിലും യുവജനങ്ങളിലും സംരംഭകത്വം വളർത്തുന്നതിനുള്ള പരിപാടികൾ നടത്തുന്നു.

**കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.**

i) കരകൗശല തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ASHA (അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ്) എന്ന പേരിൽ ഒരു പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

ii) വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

iii) സംഘടിത മേഖലയിലെ ബീഡി തൊഴിലാളികളുടെ പുനരുദ്ധാരണത്തിനായി വിവിധതരം പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

iv) ബനാന ഫൈബർ, കളിമൺ വ്യവസായം, സ്ക്രൂപൈൻ മറ്റ് പ്രകൃതിദത്ത നാരുകൾ, ബെൻമെറ്റൽ തുടങ്ങിയ മേഖലകളിലെ കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

v) കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിന് ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകാൻ പദ്ധതി നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**